**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 34 | 07.08.2017-ൽ മറുപടിക്ക്

## മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വേണ്ടി വാഹനങ്ങൾ

**ചോദ്യം**

ശ്രീ. അനിൽ അക്കര

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കാമോ;

ബി) പ്രസ്തുത വാഹനങ്ങൾക്കോരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും ഓരോ വാഹനവും ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) യും ബി) യും

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബഹു. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വേണ്ടി വിനോദസഞ്ചാര വകുപ്പിൽ നിന്നും വാഹനങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ ആതിഥേയ വകുപ്പ് എന്ന നിലയിൽ സംസ്ഥാന അതിഥികൾക്കും വിശിഷ്ട / അതിവിശിഷ്ട വ്യക്തികൾക്കും മറ്റ് വിശിഷ്ടാതിഥികൾക്കും വാഹന സൗകര്യം നൽകുന്നതിനായി ടൂറിസം വകുപ്പിന്റെ പഴയ 35 വാഹനങ്ങൾക്ക് പകരം പുതിയ 35 വാഹനങ്ങൾ വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

[signature]
സെക്ഷൻ ഓഫീസർ